# കേരള വനം വകുപ്പ്
# നെന്മാറ വനം ഡിവിഷൻ
# ഇ-ദർഘാസ്പരസ്യം

**KFDDO/34527/2025-DFONMR/D** തീയതി : **28.06.2025**

നെന്മാറ വനം ഡിവിഷനിലെ താഴെകൊടുത്തിട്ടുള്ള പട്ടികയിൽ പറയുന്ന ഫോറസ്ട്രി ജോലികൾ ചെയ്യുന്നതിന് വനം വകുപ്പിൽ ജി.ഒ.(എം.എസ്) 26/2017/വനം തീയതി 20.05.2017 & ജി.ഒ.(എം.എസ്) 141/2021/വനം തീയതി 06.05.2021 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള യോഗ്യരായ ഫോറസ്റ്റ് കോൺട്രാകടർമാരിൽ നിന്നും കേരളാ ഗവർണ്ണർക്കുവേണ്ടി നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ ദർഘാസുകൾ ഓൺലൈനായി ക്ഷണിക്കുന്നു.

ദർഘാസുകാരൻ വനംവകുപ്പിൽ നിലവിലുള്ളതും സർക്കാർ ഭാവിയിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതുമായ എല്ലാ നിബന്ധനകളും പി.ഡബ്ലിയൂ.ഡി. വ്യവസഥകളും ഇതര വ്യവസ്ഥകളും പാലിക്കാൻ ബാദ്ധ്യസ്ഥനാണ്. ദർഘാസ് പ്രമാണങ്ങളും, ദർഘാസ് ഷെഡ്യൂളുകളും **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. ദർഘാസിനോടൊപ്പം സമർപ്പിക്കുന്നതിനുള്ള നിരതദ്രവ്യം, ദർഘാസ് പ്രമാണവില എന്നിവ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഇന്റർനെറ്റ് ഓൺലൈൻ ബാങ്കിംഗ് വഴിയോ മറ്റു ബാങ്കുകളുടെ കാര്യത്തിൽ **NEFT** വഴിയോ ഇ-ടെൻഡറിനൊപ്പം സമർപ്പിക്കേണ്ടതാണ്. **NEFT** വഴി ഇ-പെയ്മെന്റ് നടത്തുന്ന ദർഘാസുകാർ ദർഘാസ് സമർപ്പിക്കുന്നതിന് മുൻപ് കുറഞ്ഞത് 72 മണിക്കൂർ മുൻപെങ്കിലും ടെൻഡർ ഫോറത്തിന്റെ വിലയും ഇ.എം.ഡി-യും **e-procurement system** ൽ എത്തിച്ചേർന്നതായി ഉറപ്പുവരുത്തേണ്ടതാണ്.

എല്ലാ ടെണ്ടർ പ്രമാണങ്ങളും **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിൽ കാണിച്ചിരിക്കുന്ന ഓൺലൈൻ കവറുകളിൽ ഓൺലൈനായി മാത്രമേ സ്വീകരിക്കുകയുള്ളൂ. നേരിട്ടോ തപാൽ മാർഗ്ഗമോ ലഭിക്കുന്ന ദർഘാസുകൾ ഒരു കാരണവശാലും സ്വീകരിക്കുന്നതല്ല. നിശ്ചിത സമയപരിധിക്കുശേഷം ലഭിക്കുന്ന ടെണ്ടറുകളും സ്വീകരിക്കുന്നതല്ല. ദർഘാസ് ഫോറത്തിന്റെ വില മാത്രമാണ് ഈടാക്കുന്നത്. ജി എസ് ടി **18%** നിരക്കിൽ കരാറുകാരൻ ജി എസ് ടി വകുപ്പിലേക്ക് നേരിട്ട് അടയ്ക്കേണ്ടതാണ്.

**പട്ടിക**

| ക്രമ നം | ജോലിയുടെ വിവരം | വിസ്തൃതി (ഹെക്ടർ) | അടങ്കൽ ദർഘാസ് (ലക്ഷത്തിൽ) | നിരത ദ്രവ്യം (രൂപ) | ദർഘാസ് ഫോറത്തിന്റെ വില (രൂപ) |
|---|---|---|---|---|---|
| 1 | Cost of 1st year eco-restoration activities at Kundali Bit -I Eco Restoration Zone (1977 Kundali Bit-I Cashew Plantation) under Thiruvazhiyad Section of Nelliyampathy Range under NABARD-RIDF (Tranche-XXVII) during 2025-26 and 2026-27 | 27.00 Ha (Effective Area 18.00 Ha) | 40,15,000/- | 50,000/- | 2,500 + ജി.എസ്.ടി. 18% |

| | |
|---|---|
| ദർഘാസ് പ്രമാണങ്ങളുടെ വില്പന | www.etenders.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ് |
| **ടെണ്ടർ ഫോറം വെബ്സൈറ്റിൽ ലഭ്യമാകുന്ന തീയതിയും സമയവും** | **28.06.2025**<br>**വൈകുന്നേരം 5.00 മണി** |
| ദർഘാസ് വെബ്സൈറ്റിൽ സമർപ്പിക്കുന്ന അവസാന തീയതിയും സമയവും | **05.07.2025**<br>**വൈകുന്നേരം 5.00 മണി വരെ** |
| **ദർഘാസ് തുറക്കുന്ന സ്ഥലവും തീയതിയും സമയവും** | ഡിവിഷണൽ ഫോറസ്റ്റ് ഓഫീസ്, നെന്മാറ<br>**07.07.2025**<br>**വൈകുന്നേരം 5.00 മണി** |
| കരാറുകാരന്റെ ക്ലാസ്സ് | ഫോറസ്ട്രി വർക്കുകൾ ചെയ്യുന്ന എ-ക്ലാസ്, ബി-ക്ലാസ് കോൺട്രാക്ട് ലൈസൻസ് ഉള്ളവർ. |
| കരാർ കാലാവധി | എഗ്രിമെന്റ് വയ്ക്കുന്ന തീയതി മുതൽ **350 ദിവസം (Before 31.05.2026)** |

ഇ-ദർഘാസിനോടൊപ്പം വെള്ള പേപ്പറിൽ തയ്യാറാക്കി ഒപ്പിട്ട പ്രിലിമിനറി എഗ്രിമെന്റ്, ഗസററഡ് ഓഫീസർ സാക്ഷ്യപ്പെടുത്തിയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ പകർപ്പ്, ടെൻഡർ ഡോക്യുമെന്റ് എന്നിവ ഓൺലൈനായി **സമർപ്പിക്കേണ്ടതാണ്.** ഇപ്രകാരം സമർപ്പിക്കാത്ത ദർഘാസുകൾ നിരസിക്കപ്പെടുന്നതാണ്. ഇ-ടെണ്ടറുമായി ബന്ധപ്പെട്ട മററുവിവരങ്ങൾ **NIC**-ൽ നിന്നോ, **www.etenders.kerala.gov.in** എന്ന വെബ്സൈറ്റിൽ പറഞ്ഞിരിക്കുന്ന e-tenders **help desk**-ൽ നിന്നോ ഈ ഓഫീസിൽ നിന്നോ ഓഫീസ് സമയത്ത് അറിയാവുന്നതാണ്. ഇ-പേയ്മെന്റിന് ആവശ്യമായ വിവരങ്ങൾ (കരാറുകാരൻ ഇടപാടുനടത്തുന്ന കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്ക് അക്കൗണ്ടിന്റെ വിശദവിവരങ്ങളും, ഇ-മെയിൽ അഡ്രസ്സും) ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ഈ വിവരങ്ങൾ ഉൾപ്പെടുത്താത്ത ദർഘാസുകൾ നിരസിക്കുന്നതാണ്. കരാറുകാരൻ വിവരങ്ങൾ അപ്ലോഡു ചെയ്യുന്നതിനും മറ്റു ഉണ്ടാകുന്ന അസൗകര്യങ്ങൾക്കും നഷ്ടത്തിനും വനംവകുപ്പ് ഉത്തരവാദി ആയിരിക്കുന്നതല്ല.നിലവിലുള്ള എല്ലാ ദർഘാസ് വ്യവസ്ഥകളും, പി.ഡബ്ല്യൂ.ഡി. ദർഘാസ് വ്യവസ്ഥകളും ഇ-ടെൻഡറിനും ബാധകമായിരിക്കും. പ്രസ്തുത ദർഘാസിലെ ഏതൊരു പ്രവൃത്തിയും മുന്നറിയിപ്പു കൂടാതെ റദ്ദുചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം താഴെ ഒപ്പിട്ടിരിക്കുന്ന അധികാരിയിലും മേലധികാരിയിലും നിക്ഷിപ്തമായിട്ടുള്ളതാകുന്നു.

**വിജയിയാകുന്ന ദർഘാസുകാരൻ** നിയമാനുസൃത തുകയ്ക്കുള്ള മുദ്രപത്രത്തിൽ ദർഘാസ് അംഗീകരിച്ച അറിയിപ്പു തീയതി മുതൽ **15** ദിവസത്തിനുള്ളിൽ കരാർ തുകയുടെ **05 %** സെക്യൂരിറ്റി ഡെപ്പോസിറ്റ് സഹിതം കരാർ ഒപ്പ് വയ്ക്കേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് നെന്മാറ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ കാര്യാലയത്തിൽ നിന്നും നെല്ലിയാമ്പതി റെയിഞ്ചാഫീസിൽ നിന്നും പ്രവൃത്തി ദിവസങ്ങളിൽ അറിയാവുന്നതാണ്.

പ്രവീൺ.പി
ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, നെന്മാറ.
(കേരള ഗവർണർക്കുവേണ്ടി)

*D-458-2023-2022%20Vellaramkadavu.docx*